നാഷണൽ റൂറൽ എംപ്ലോയ്മെൻറ് പ്രോഗ്രാം

* 547 [594] ശ്രീമതി കെ. ആർ. സരസ്വതി അമ്മ:
,, എം. കമലം:
ശ്രീ. പി. ഭാസ്കരൻ:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ എംപ്ലോയ്മെൻറ് പരിപാടിയനുസരിച്ച് പ്രവർത്തികൾ നടത്താൻ കേരളത്തിന് ഈ വർഷം കേന്ദ്രഗവൺമെൻറ് എത്ര ഉറുപ്പിക അനുവദിച്ചിട്ടുണ്ട്;

(ബി) ഈ സംഖ്യ ഏതെല്ലാം വകുപ്പുകളാണ് ചെലവഴിക്കുന്നത്;

(സി) ഈ കഴിഞ്ഞ നാലുമാസത്തിനുള്ളിൽ എത്ര സംഖ്യ ഏതെല്ലാം പദ്ധതികൾക്കുവേണ്ടി ചെലവാക്കി?

സാമൂഹ്യവികസനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്):

(എ) കേന്ദ്രഗവൺമെൻറ് ഈ വർഷം തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) നാഷണൽ റൂറൽ എംപ്ലോയ്മെൻറ് പ്രോഗ്രാമിനുള്ള തുകകൾ ചെലവാക്കുന്നത് വികസനവകുപ്പും വനംവകുപ്പും കൂടിയാണ്.

(സി) ഈ വർഷം ഏപ്രിൽ, മേയ്, ജൂൺ എന്നീ മാസങ്ങളിൽ നാഷണൽ റൂറൽ എംപ്ലോയ്മെൻറ് പ്രോഗ്രാമിനുവേണ്ടി ഏകദേശം 93·10 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ജൂലായ്മാസം ചെലവാക്കിയ തുകയുടെ വിവരം ജില്ലാ കളക്ടർമാരിൽനിന്നും ശേഖരിച്ചുവരുന്നു.

സർക്കാർ ജീവനക്കാർക്ക് പുതിയ ക്വാർട്ടേഴ്സുകൾ

* 548 [595] ശ്രീ. മണിമംഗലത്ത് കുട്ട്യാലി:
,, എൻ. സുന്ദരൻ നാടാർ:
:, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:
,, എം. ആർ. രഘുചന്ദ്രബാൽ:
,, എ. എൽ. ജേക്കബ്:
,, കെ. കെ. ബാലകൃഷ്ണൻ:
,, കെ. ശങ്കരനാരായണൻ:
,, പി. ടി. കുഞ്ഞുട്ടിഹാജി:
,, എ. പി. ഹംസ:
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണവകുപ്പിൻെറ പുതിയ പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ ഗവൺമെൻറ് ജീവനക്കാർക്ക് പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുവാനുദ്ദേശിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly